ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

**TIME: 12.30 PM** **DATE:20.05.2025**

# പ്രധാനവാർത്തകൾ

1. **വടകര, ചിറയിൻകീഴ് റെയിൽവെ സ്റ്റേഷനുകൾ ഉൾപ്പെടെ രാജ്യത്തെ 103 അമൃത് ഭാരത് സ്റ്റേഷനുകളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റെന്നാൾ നിർവ്വഹിക്കും.**

2. **മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം എൽ.ഡി.എഫ് സർക്കാർ അഞ്ചാം വർഷത്തിലേക്ക്; കരിദിനം ആചരിച്ച് യു.ഡി.എഫ്.**

3. **കോഴിക്കോട് തീപ്പിടിത്തം സംബന്ധിച്ച റിപ്പോർട്ട് ജില്ലാ കലക്ടർക്ക് സമർപ്പിച്ച് ഫയർ ഫോഴ്സ്. ഫോറൻസിക് - ഇലക്ട്രിക്കൽ പരിശോധനയ്ക്ക് ശുപാർശ.**

4. **പ്ലസ് വൺ പ്രവേശനത്തിനുള്ള ഓൺലൈൻ അപേക്ഷ ഇന്ന് കൂടി സമർപ്പിക്കാം.**

5. **സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ മഴ ശക്തി പ്രാപിക്കുന്നു; നാല് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.**

&&&&&&&&&&&&&&&&&&&&&&&&&

RNU TVPM

## <u>പ്രധാനമന്ത്രി - അമൃത് ഭാരത്</u>

രാജ്യത്തെ 103 അമൃത് ഭാരത് റെയിൽവെ സ്റ്റേഷനുകളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റെന്നാൾ വെർച്വലായി നിർവ്വഹിക്കും. തെലങ്കാനയിലെ കരിംനഗർ, വാറങ്കൽ റെയിൽവെ സ്റ്റേഷനുകളിൽ നടക്കുന്ന ചടങ്ങിലാണ്

തുടക്കം കുറിക്കുന്നത്. കേരളത്തിലെ ചിറയിൻകീഴ്, വടകര സ്റ്റേഷനുകളുകളും അമൃത് ഭാരത് റെയിൽവെ സ്റ്റേഷനുകളാകാൻ ഒരുങ്ങുകയാണ്.

&&&&&&&&&&&&&&&&&&&&&&&&&

## <u>അമൃത് ഭാരത് സ്റ്റേഷൻ (ഇൻട്രോ)</u>

അമൃത് ഭാരത് സ്റ്റേഷൻ പദ്ധതി പ്രകാരം നവീകരിച്ച വടകര, മാഹി സ്റ്റേഷനുകളുടെ ഉദ്ഘാടനത്തോടെ പുനർവികസന ദൗത്യത്തിൽ സുപ്രധാന നാഴികക്കല്ല് പിന്നിടാൻ ഒരുങ്ങുകയാണ് റെയിൽവേ. വടകരയ്ക്ക് 29.47 കോടി രൂപയും മാഹിക്ക് 12.61 കോടി രൂപയുമാണ് ചെലവഴിച്ചത്. വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി **നസീർ ബാബു............**

(വോയിസ്)

&&&&&&&&&&&&&&&&&&&&&&&&&

RNUTVPM

മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിലുള്ള രണ്ടാം എൽഡിഎഫ് സർക്കാർ അഞ്ചാം വർഷത്തിലേക്ക്. 2021 മെയ് 20 നാണ് രണ്ടാം പിണറായി മന്ത്രിസഭ അധികാരമേറ്റത്. മന്ത്രിസഭയുടെ നാലാം വാർഷികത്തോട് അനുബന്ധിച്ച് നെടുമ്പാശ്ശേരി സിയാൽ ലോഞ്ചിൽ ചേർന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ കേക്ക് മുറിച്ച് മന്ത്രിമാർക്ക് നൽകി. അതേസമയം, മന്ത്രിസഭയുടെ നാലാം വാർഷികം യു ഡി എഫ് ഇന്ന് കരിദിനമായി ആചരിക്കുകയാണ്.

&&&&&&&&&&&&&&&&&&&&&&&&&

**<u>കോഴിക്കോട് തീപിടുത്തം- റിപ്പോർട്ട്</u>**

കോഴിക്കോട് പുതിയ സ്റ്റാൻ്റ് കെട്ടിടത്തിൽ ഉണ്ടായ തീപ്പിടിത്തം സംബന്ധിച്ചുള്ള റിപ്പോർട്ട് ഫയർ ഫോഴ്സ്, ജില്ലാ കലക്ടർക്ക് സമർപ്പിച്ചു. തീപ്പിടിത്തകാരണം വ്യക്തമായിട്ടില്ല. ഫോറൻസിക്- ഇലക്ട്രിക്കൽ പരിശോധന നടത്തണമെന്ന് റിപ്പോർട്ടിൽ പറയുന്നു. തീപിടുത്തമുണ്ടായ കെട്ടിടത്തിന് ഫയർ Noc ഉണ്ടായിരുന്നില്ല. ഫയർ യൂണിറ്റുകൾ എത്താൻ കാലതാമസം ഉണ്ടായിട്ടില്ലെന്നും റിപ്പോർട്ടിൽ പറയുന്നു.

&&&&&&&&&&&&&&&&&&&&&&&&&

**<u>മലപ്പുറം ദേശീയപാത (ഇൻട്രോ)</u>**

മലപ്പുറത്ത് ദേശീയ പാത 66 നിർമ്മാണത്തിൽ ഉണ്ടായ അപാകത അന്വേഷിക്കാൻ വിദഗ്ധ സമിതിയെ നിയോഗിച്ച് ദേശീയപാത അതോറിറ്റി. വിദഗ്ധ സമിതി നാളെ സ്ഥലം സന്ദർശിക്കും.

വിശദാംശങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി **സുരേഷ് ബാബു.....**

**( വോയിസ്)**

&&&&&&&&&&&&&&&&&&&&&&&&&

**<u>ആലപ്പുഴ-കാണാതായ പെൺകുട്ടി</u>**

ആലുവയിൽ നിന്നും ഇന്നലെ കാണാതായ മൂന്നു വയസുകാരിയുടെ ശരീരം ചാലക്കുടി പുഴയിൽ നിന്നു കണ്ടെടുത്തതായി പോലീസ്. അമ്മ തന്നെ കുട്ടിയെ പുഴയിലേക്ക് എറിയുകയായിരുന്നുവെന്നാണ് പ്രാഥമിക നിഗമനം.

RNU TVPM

&&&&&&&&&&&&&&&&&&&&&&&&&

## മൂന്നാർ - അപകടം

തമിഴ്നാട്ടിലുണ്ടായ വാഹനാപകടത്തിൽ മൂന്നാർ സ്വദേശികളായ ഒരു കുടുംബത്തിലെ മൂന്ന് പേർ മരിച്ചു. രാജ, ഭാര്യ ജാനകി, മകൾ ഹെമിമിത്ര എന്നിവരാണ് മരിച്ചത്. രാജയുടെ മറ്റൊരു മകളെ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തമിഴ്നാട് തിരുപ്പൂരിന് സമീപം കാങ്കയത്താണ് അപകടം ഉണ്ടായത്.

&&&&&&&&&&&&&&&&&&&&&&&&&

## കോട്ടയം പിടിസി നിയമനം

കോട്ടയം ജില്ലയിൽ ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ. ചുറ്റളവിൽ സ്ഥിര താമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് prasarbharati.gov.in/pbvacancies എന്ന വെബ് സൈറ്റ് വിലാസം സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 30. വിശദവിവരങ്ങൾക്ക് തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ 0471-2324983 എന്ന നമ്പറിൽ ബന്ധപ്പെടുക. Email id:airnewstvpm@gmail.com.

RNU TVPM

&&&&&&&&&&&&&&&&&&&&&&&&&

## പ്ലസ് വൺ-അപേക്ഷ

പ്ലസ് വൺ പ്രവേശനത്തിനുള്ള ഓൺലൈൻ അപേക്ഷ ഇന്ന് കൂടി സമർപ്പിക്കാം. ഇന്നലെ വരെ നാല് ലക്ഷത്തി 48,720

അപേക്ഷകളാണ് ലഭിച്ചത്. കായിക മികവ് അടിസ്ഥാനമാക്കിയുള്ള പ്രവേശന നടപടി ഈമാസം 28 വരെ തുടരും.

&&&&&&&&&&&&&&&&&&&&&&&&&

## മഴ-സംസ്ഥാനം

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ മഴ ശക്തി പ്രാപിക്കുന്നു. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. പത്തനംതിട്ട മുതൽ മലപ്പുറം വരെ 8 ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&&&&&&&&&

## കണ്ണൂർ -മഴ (ഇൻട്രോ)

കണ്ണൂർ ജില്ലയിൽ കനത്ത മഴ സാധാരണ ജന ജീവിതത്തെ ബാധിച്ചു. ചിലയിടങ്ങളിൽ നാശനഷ്ടം ഉണ്ടായി.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ.ഒ.ശശിധരൻ....**

(വോയിസ്)

&&&&&&&&&&&&&&&&&&&&&&&&&

## വിക്രം മിസ്രി

ഓപ്പറേഷൻ സിന്ദൂറിനെക്കുറിച്ചുള്ള നയതന്ത്ര സന്ദർശനങ്ങൾക്ക് മുന്നോടിയായി വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ഇന്ന് പാർലമെന്റിൽ എംപിമാരുടെ സംഘത്തോട് കാര്യങ്ങൾ

വിശദീകരിക്കും. ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ ഉറച്ച നിലപാട് അവതരിപ്പിക്കുന്നതിനായി വിവിധ രാജ്യങ്ങളിലേക്ക് സർവ്വകക്ഷി പ്രതിനിധികളെ അയയ്ക്കുമെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരുന്നു. ഈ മാസം അവസാനം ഏഴ് പ്രതിനിധി സംഘങ്ങൾ യു.എൻ രക്ഷാസമിതി അംഗങ്ങൾ ഉൾപ്പെടെയുള്ള പ്രധാന രാജ്യങ്ങൾ സന്ദർശിക്കും.

&&&&&&&&&&&&&&&&&&&&&&&&&

## രാജ്ഭവൻ - പ്രഭാഷണ പരമ്പര

ഓപ്പറേഷൻ സിന്ദൂർ എന്ന വിഷയത്തിൽ കേരള രാജ്ഭവനിൽ നാളെ പ്രഭാഷണ പരമ്പര സംഘടിപ്പിക്കും. പ്രമുഖ കോളമിസ്റ്റ് എസ്.ഗുരുമൂർത്തിയാണ് ആദ്യ പ്രഭാഷകൻ. ഓപ്പറേഷൻ സിന്ദൂർ - മെഴുകുതിരിയിൽ നിന്ന് ബ്രഹ്മോസിലേക്ക് മാതൃകാപരമായ മാറ്റം എന്നതാണ് വിഷയം. വൈസ് ചാൻസിലർമാർ, ശാസ്ത്രജ്ഞർ, മതമേലധ്യക്ഷർ, സാംസ്കാരിക നായകർ, തുടങ്ങി വിവിധ മേഖലകളിൽ നിന്നുള്ള നൂറോളം പേർ പരിപാടിയിൽ പങ്കെടുക്കും.

RNU TVPM

&&&&&&&&&&&&&&&&&&&&&&&&&

## ആശമാരുടെ സമരം

സംസ്ഥാനത്ത് ആശാ പ്രവർത്തകർ സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തുന്ന രാപകൽ സമരം ഇന്ന് 100 ദിവസം പിന്നിടുന്നു. ഓണറേറിയം വർധന,വിരമിക്കൽ ആനുകൂല്യം തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് സമരം. ആശാപ്രവർത്തകരുടെ രാപകൽ സമരയാത്ര

കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പര്യടനം പൂർത്തിയാക്കി.

&&&&&&&&&&&&&&&&&&&&&&&&&

## <u>നിപ</u>

മലപ്പുറത്ത് നിപബാധിതയുമായി പ്രാഥമികസമ്പർക്കത്തിൽ വന്ന 84 പേരുടെ സാമ്പിൾ പരിശോധനാഫലം നെഗറ്റീവ്. ആകെ 166 പേരാണ് പ്രാഥമിക സമ്പർക്കപ്പട്ടികയിൽ ഉള്ളത്. പുതുതായി ആരും തന്നെ സമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. ഒരാളുടെ സാമ്പിൾ പരിശോധനാഫലം കൂടി വരാനുണ്ട്. നിപ രോഗബാധിത പെരിന്തൽമണ്ണ ഇ എം എസ് ആശുപത്രിയിൽ ഗുരുതരാവസ്ഥയിൽ തുടരുകയാണ്.

RNUTVPM

&&&&&&&&&&&&&&&&&&&&&&&&&

## <u>സെക്രട്ടേറിയറ്റ് അസിസ്റ്റൻറ് -പരീക്ഷ</u>

സെക്രട്ടേറിയറ്റ് / പി.എസ്.സി അസിസ്റ്റൻറ്, പോലീസ് എസ്.ഐ, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികകൾക്കുള്ള പ്രാഥമിക പൊതുപരീക്ഷയുടെ ആദ്യഘട്ടം ശനിയാഴ്ച നടക്കും. ഇതിൽ പങ്കെടുക്കുന്നവർക്കുള്ള അഡ്മിഷൻ ടിക്കറ്റ് മാത്രമാണ് വെബ്സൈറ്റിൽ ലഭിക്കുന്നതെന്ന് പി.എസ്.സി അറിയിച്ചു. രണ്ടാംഘട്ട പരീക്ഷ ജൂൺ 28 ന് നടക്കും.

&&&&&&&&&&&&&&&&&&&&&&&&&

## <u>ബീറ്റിങ് റിട്രീറ്റ് ചടങ്ങ്</u>

പഞ്ചാബിലെ ഇന്ത്യ - പാക് അതിർത്തികളിലെ ബീറ്റിങ് ദ റിട്രീറ്റ് ചടങ്ങ് ഇന്ന് പുനരാരംഭിക്കും. പൊതുജനങ്ങൾക്കും പ്രവേശനം അനുവദിച്ചു. വാഗ- അട്ടാരി, ഹുസ്സൈൻവാല -സധ്കി എന്നീ അതിർത്തികളിൽ എല്ലാ ദിവസവും വൈകിട്ടാണ് ബീറ്റിങ് ദ റിട്രീറ്റ്

ചടങ്ങുകൾ നടക്കുന്നത്. എന്നാൽ നിലവിലെ സാഹചര്യത്തിൽ ഇരു രാജ്യങ്ങളുടെയും സൈനികർ ഗേറ്റുകൾ തുറക്കുകയോ ഹസ്തദാനം നൽകുകയോ ചെയ്യില്ല. ഇന്ത്യ -പാകിസ്ഥാൻ സംഘർഷങ്ങളെ തുടർന്നാണ് ബീറ്റിങ് ദ റിട്രീറ്റ് ചടങ്ങ് നിർത്തിവെച്ചിരുന്നത്.

&&&&&&&&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി - മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 25 ന്. പരിപാടിയുടെ 122 ആം പതിപ്പാണിത്. പരിപാടിയെ കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും ഈ മാസം 23 വരെ അറിയിക്കാവുന്നതാണ്.

RNU TVPM

&&&&&&&&&&&&&&&&&&&&&&&&&

## ഐ.പി.എൽ

ഐപിഎൽ ക്രിക്കറ്റിൽ, ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, രാജസ്ഥാൻ റോയൽസിനെ നേരിടും. ഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

ഇന്നലെ നടന്ന മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദിനോട് ആറ് വിക്കറ്റിന് പരാജയപ്പെട്ട് ലഖ്നൗ സൂപ്പർ ജയന്റ്സ് പ്ലേഓഫിൽനിന്ന് പുറത്തായി.

&&&&&&&&&&&&&&&&&&&&&&&&&

## ഓഹരി -സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 262 പോയിന്റ് നഷ്ടത്തിൽ 81,796 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 61 പോയിന്റ് ഇടിഞ്ഞ് 24,883 ലും വ്യാപാരം തുടരുന്നു.

സ്വർണ വില കുറഞ്ഞു. പവന് 360 രൂപ കുറഞ്ഞ് 69,680 രൂപയും ഗ്രാമിന് 8,710 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&

RNU TVPM